(3) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

ശ്രീ. എഴുകോൺ നാരായണൻ: സംസ്ഥാനത്തെ കശുവണ്ടി വികസന കോർപ്പറേഷന്റെ 31 ഫാക്ടറികൾ കഴിഞ്ഞ മൂന്ന് വർഷങ്ങളായി അടഞ്ഞു കിടക്കുകയാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന 27,000-ത്തോളം തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും പട്ടിണിയിലാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ അടിയന്തിരമായി തുറന്ന് പ്രവർത്തിക്കാൻ ആവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ബഹുമാനപ്പെട്ട എഴുകോൺ നാരായണന്റെ അതേ സ്പിരിറ്റുതന്നെയാണ് ഗവൺമെന്റിനുമുള്ളത്. ഗവൺമെന്റ് എന്ത് ചെയ്തിട്ടും ഇത് പ്രവർത്തിപ്പിക്കുവാൻ പറ്റുന്നില്ല. കാരണം 10 കോടി രൂപ പിന്നെയും കൊടുത്തു. അതുപോലെതന്നെ ഇടക്കാലത്ത് പിന്നെയും കുറെ കാശ് കൊടുത്തു. പക്ഷെ, വീണ്ടും 19 കോടി രൂപ കൂടി കൊടുത്താലേ ബാങ്കുകൾ ലോൺ സാങ്ഷൻ ചെയ്യൂ എന്നാണ് പറയുന്നത്. ചെലവ് ചുരുക്കാനുള്ള നടപടികളിൽ തൊഴിലാളി യൂണിയന്റെ നേതാക്കന്മാർ സഹകരിക്കണം. എന്നാൽ മാത്രമേ കാഷ്യൂ കോർപ്പറേഷന്റെ ഫാക്ടറികൾ തുറക്കാൻ പറ്റൂ. ഏതായാലും തുറക്കാൻ കഴിയുമെന്നാണ് ഗവണ്മെന്റിന്റെ വിശ്വാസം.

(4) വടക്കാഞ്ചേരി സ്റ്റേറ്റ് ഹൈവേയിലെ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

ശ്രീ. എ. സി. മൊയ്തീൻ: വടക്കാഞ്ചേരിയിൽ സ്റ്റേറ്റ് ഹൈവേയിൽ ധാരാളം ഗതാഗതക്കുരുക്ക് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന റെയിൽവേ ഗേറ്റ് ഒഴിവാക്കി മേൽപ്പാലം പണിയുന്നതിന് വേണ്ടിയുള്ള അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായിട്ട് വർഷങ്ങളായി. മേൽപ്പാലം പണിക്ക് ആവശ്യമായ ഡെപ്പോസിറ്റ് സംഖ്യ സംസ്ഥാന സർക്കാർ കെട്ടി വയ്ക്കാത്തതുകൊണ്ട് അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായിട്ട് വർഷങ്ങളായിട്ടും പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതുകൊണ്ട് വലിയ പ്രയാസങ്ങൾ ഉണ്ടാവുകയാണ്. ഈ മന്ത്രിസഭയിലെ ഇടക്കാലത്ത് ഉണ്ടായിരുന്ന ഒരു മന്ത്രി മേൽപ്പാലം നിർമ്മാണത്തിന് ആവശ്യമായ ഡപ്പോസിസ്റ്റ് സംഖ്യ കെട്ടിവയ്ക്കാൻ തീരുമാനമായിട്ടുണ്ടെന്നും അടിയന്തിരമായും പണി തുടങ്ങാൻ തീരുമാനമായിയെന്നും വടക്കാഞ്ചേരിയിലെ ജനങ്ങൾക്ക് ഉറപ്പ് നൽകിയിരുന്നതാണ്. ഈ ഗേറ്റ് ഇങ്ങനെ അടഞ്ഞുകിടക്കുന്നതുകൊണ്ട് മലബാർ മേഖലയിൽ നിന്നുള്ള യാത്രക്കാർക്ക്, പ്രത്യേകിച്ച് തൃശൂർ മെഡിക്കൽ കോളേജിലേയ്ക്ക് പോകുന്ന രോഗികൾക്ക് വളരെ ബുദ്ധിമുട്ടാണ്. ഡബിൾ ലൈൻ ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞിട്ടുള്ളതാണ്. മിക്കവാറും സമയം വടക്കാഞ്ചേരി പട്ടണത്തിനോടും, താലൂക്ക് ആസ്ഥാനത്തിനോടും ചേർന്നു

LIBRARY ARCHIVES Kerala Legislative Assembly

കിടക്കുന്ന റെയിൽവേ ഗേറ്റ് അടഞ്ഞുകിടക്കുന്നതുകൊണ്ട് മെഡിക്കൽ കോളേജിലേയ്ക്ക് പോകുന്ന രോഗികൾക്ക് സമയത്തിന് ചികിൽസ കിട്ടാതെ മരണപ്പെട്ടുപോയിട്ടുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. സംസ്ഥാന സർക്കാർ റെയിൽവേയ്ക്ക് കെട്ടിവയ്ക്കേണ്ട ഡെപ്പോസിറ്റ് സംഖ്യ കെട്ടിവച്ച് മേൽപ്പാലത്തിന്റെ പണി അടിയന്തിരമായും പൂർത്തീകരിക്കുന്നതിനുള്ള നടപടി ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി സ്റ്റേറ്റ് ഹൈവേയിലെ റെയിൽവേ ലവൽ ക്രോസ്സിലെ ഗതാഗത കുരുക്ക് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി സർക്കാരിന്റെ
10.00 a.m.] ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡെപ്പോസിറ്റ് വ്യവസ്ഥയിൽ റെയിൽവേയുടെ ചുമതലയിൽത്തന്നെ മേൽപ്പാലം നിർമ്മിക്കുന്നതിന് റെയിൽവേ സമ്മതിച്ചിട്ടുണ്ട്. ഈ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ഇതിനകം പൂർത്തിയായി. മേൽപ്പാലനിർമ്മാണത്തിന്റെ മുന്നോടിയായി ചില വ്യവസ്ഥകൾ വച്ചിരുന്നു. ഈ വ്യവസ്ഥകൾ അംഗീകരിച്ചതായി 1-3-2004-ൽ റെയിൽവേ അറിയിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമായി അടയ്ക്കേണ്ടത് 41 ലക്ഷം രൂപയാണ്. അതിൽ 19 ലക്ഷം രൂപ അടയ്ക്കാൻ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള സംഖ്യക്കുവേണ്ടി പ്രൊപ്പോസൽസ് അയച്ചുകഴിഞ്ഞിട്ടുണ്ട്. മേൽപ്പാലനിർമ്മാണത്തിന്റെ പണി ആരംഭിക്കണമെങ്കിൽ അതിന്റെ ഡിസൈൻ റെയിൽവേ പൂർത്തിയാക്കേണ്ടതുണ്ട്. റെയിൽവേയാണ് ഡിസൈൻ പൂർത്തിയാക്കേണ്ടത്. റെയിൽവേ ആ ഡിസൈൻ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ പാലം പണിയേണ്ടത് റെയിൽവേയാണ്. ഗവൺമെന്റ് ആകെ ചെയ്യേണ്ടത് 41 ലക്ഷം രൂപ കൊടുക്കുക എന്നതാണ്. അതിൽ 19 ലക്ഷം രൂപയ്ക്ക് എൽ.സി. ആയിക്കഴിഞ്ഞു. ബാക്കി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. എത്രയും പെട്ടെന്ന് അത് ഡെപ്പോസിറ്റ് ചെയ്യുന്നതാണെന്ന് അറിയിക്കുകയാണ്.

(5) ഇളമണ്ണൂരിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള ഫുഡ് പ്രോസ്സസിംഗ് പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സംസ്ഥാനത്ത് ഫുഡ് പ്രോസ്സസിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കിൻഫ്ര വഴി ചില നീക്കങ്ങൾ നടത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഇളമണ്ണൂരിൽ 80 എക്കർ സ്ഥലത്ത് ഇപ്പോൾ ഫുഡ് പ്രോസസ്സിംഗ് പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ കിൻഫ്രയുടെ നേതൃത്വത്തിൽ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. അത് മന്ദഗതിയിലാകാതിരിക്കുന്നതിനു ശക്തമായ നടപടി ആരംഭിക്കണം. വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പത്തനംതിട്ടയിലെ ഏക വ്യവസായ സ്ഥാപനം എന്ന നിലയിൽ ഇതിന് ആവശ്യമായ എല്ലാ സഹായ സഹകരണവും ചെയ്യണം. നൂറ് കണക്കിന് കോടി രൂപയുടെ നിക്ഷേപം നാളെ ഒരുപക്ഷേ ഉണ്ടാകാൻ സാധ്യതയുള്ള ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി പൂർത്തിയാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly